

തങ്ങൾ പി. എം. എ

പേര് : സയ്യിദ് മുഹമ്മദ് ആറ്റക്കോയ തങ്ങൾ.
പിതാവ് : സയ്യിദ് ഇമ്പിച്ചിക്കോയ തങ്ങൾ
മാതാവ് : വാഴയിൽ വഴുപ്പിൽ ഫാത്തിമ
മക്കൾ : യൂസുഫ് ഹാറൂൺ, സറീനാ ബീവി, സക്കീനാ ബീവി, മുഹമ്മദ് അശ്റഫ്, അസ്മാബീവി.

ഒരു കാലത്ത് മുസ്‌ലിം ലീഗിൻറെ വേദികളിൽ നിറഞ്ഞുനിന്ന പി. എം. എ. തങ്ങൾ കഠിനവും വിപുലവുമായ രാഷ്ട്രീയ അനുഭവങ്ങളുള്ള വ്യക്തിയാണ്. മഹാകവി ഉബൈദിനു ശേഷം മാപ്പിളപ്പാട്ടു രചയിതാക്കളിൽ തങ്ങൾക്കുള്ള ഇരിപ്പിടം മുൻപന്തിയിൽ നൽകാവുന്നതാണ്. അജ്ഞാതമായ നിരാശയും സ്വതസിദ്ധമായ അലസതയും കാരണം തലയെടുപ്പോടെ മുൻ നിരയിൽ അദ്ദേഹത്തെ കാണാതെ വരുന്നു.

വിദ്യാർത്ഥിയായിരിക്കെ 1942ൽ കിറിറിന്ത്യാ സമരത്തിൽ പങ്കെടുത്ത് ജയിലിലായി. ഇതോടെ രാഷ്ട്രീയ ജിജ്ഞാസ വർദ്ധിച്ചു. 1944ൽ ജിന്നാ സാഹിബ് നേതൃത്വം നൽകിയ സർവ്വേന്ത്യാ മുസ്‌ലിം ലീഗിൽ ചേർന്നു. 1945ൽ സി. എച്ച് മുഹമ്മദ് കോയയുമായി പരിപയപ്പെട്ടതോടെ പ്രവർത്തന രംഗത്ത് കുറെകൂടി ആവേശമായി. വയനാടിലും പ്രാന്തങ്ങളിലും മുസ്‌ലിം ലീഗ് സംഘടിപ്പിക്കുന്നതിൽ കഠിനാദ്ധ്വാനം ചെയ്തു.

CENTRE FOR HADHRAMI & DIASPORA STUDIES

സ്വതന്ത്ര തൊഴിലാളി യൂനിയൻറെ ആദ്യകാല സംഘാടകരിൽ മുൻപന്തിയിലുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് സാഹിത്യങ്ങളും വായിച്ചു കമ്പം കയറി കമ്മ്യൂണിസ്റ്റു് പ്രവർത്തകനായി മാറി. കോഴിക്കോട്ട നിന്നും പ്രസിദ്ധപ്പെടുത്തിയ 'പൗരശക്തി'യുടെയും 'ചന്ദ്രിക', 'മാതൃഭൂമി' എന്നീ പത്രങ്ങളുടെയും കൽപറ്റ ലേഖകനായി പ്രവത്തിച്ചിട്ടുണ്ട്. നിരന്തരമായ വായന കൂടതൽ ആത്മിയതയിലേക്കു നയിച്ചു. കമ്മ്യൂണിസത്തിനെതിരായി മാത്രമല്ല, ലീഗും കമ്മ്യൂണിസ്റ്റും തമ്മിലുള്ള ബന്ധത്തിൻറെ പേരിൽ ലീഗിൽനിന്നും വിരമിച്ചു. ഹസൻഗനിയുടെ നേതൃത്വത്തിലുള്ള പ്രോഗ്രസ്സീവ് ലീഗിന്റെ സംസ്ഥാന സെക്രട്ടറിയായി. പിന്നീടിത് പിരിച്ചുവിടപ്പെട്ടു,

മുസ്ലിം ലീഗ് പിളർന്നതോടെ അഖിലേന്ത്യാ ലീഗിൽ ചേർന്നു. ശക്തനായ വാഗ്മിയും നല്ല തൂലികകാരനുമാണ്. *യുവാവ് " എന്ന പേരിൽ ഒരു പ്രസിദ്ധീകരണം നടത്തി. പത്ര-മാസികകളിൽ ലേഖനങ്ങളും കവിതകളും മാപ്പിളപ്പാട്ടുകളും എഴുതുന്നു.

തൂലികാനാമങ്ങൾ. : എം. എ. കൽപററ, ഖലമുസ്സമാൻ, മുശൈഖ്

Mappila Heritage Library